പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.144 06/03/2017 ൽ മറുപടിക്ക്

# ചെറുകിട കച്ചവട ലൈസൻസ് ചട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട കച്ചവടക്കാർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളിലെ നടപടിക്രമത്തിലുള്ള സങ്കീർണ്ണത അഴിമതിക്കും മറ്റും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) ചെറുകിട കച്ചവടക്കാർക്കും വീടിന്റെ ഒരു ഭാഗം വാണിജ്യ പരമായി ഉപയോഗിച്ച് നിത്യവൃത്തി കഴിയുന്നവർക്കും ഉപകരിക്കത്തക്ക രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈസൻസിംഗ് ചട്ടങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ചെറുകിട കച്ചവടക്കാർക്ക് വീടിന്റെ നിശ്ചിത ഭാഗം വാണിജ്യപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് നിലവിലെ ചട്ടപ്രകാരം തന്നെ ലൈസൻസ് അനുവദിക്കാവുന്നതാണ്. |
| സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ചട്ടങ്ങളും നടപടിക്രമങ്ങളും കാലത്തിനനുസരിച്ച് പരിഷ്ക്കരിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ചട്ടങ്ങളും നടപടിക്രമങ്ങളും കാലാനുസൃതമായി പരിഷ്ക്കരിച്ചു വരുന്നുണ്ട്. ഇതിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ